നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1(2)

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

## എംബിബിഎസ് കോഴ്സ് പ്രവേശനം - 2012
## ന്യൂനപക്ഷ പദവിയുള്ള /കമ്മ്യൂണിറ്റി ക്വാട്ടയുള്ള
## സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അലോട്ട്മെന്റ്

(G.O.(Rt)No.1814/2012/H&FWD, dated Thiruvananthapuram,31.05.2012)
(G.O.(Rt)No.1985/2012/H&FWD, dated Thiruvananthapuram,15.06.2012)
(G.O.(Rt)No.2023/2012/H&FWD, dated Thiruvananthapuram,19.06.2012)

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള 2012 ലെ അലോട്ടുമെന്റ് നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള/കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ, പ്രസ്തുത ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ/കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജുകളുടേയും സംവരണത്തിന് അർഹമായ സമുദായങ്ങളുടെയും വിശദാംശങ്ങൾ ഇനി പറയുന്നു:

**MEDICAL COLLEGES**

| Sl. No. | College code | Institution | Community | Authority to issue Certificates |
|---|---|---|---|---|
| 1 | SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | a) SIUC-SKD : 13 seats<br>b) SC/ST Converted to SIUC-SKD : 1 seat<br>c) Non Nadar SIUC : 1 seat | Certificate issued by Bishop South Kerala Diocese, duly endorsed by the appropriate revenue authority |
| 2 | EMC | MES Medical College, Perinthalmanna, Malappuram | Muslim | Village Officer |
| 3 | KNC | Kannur Medical College, Anjarakandy, Kannur | Muslim | Village Officer |
| 4 | KMM | Karuna Medical College, Vilayodi, Palakkad | Muslim | Village Officer |
| 5 | KCM | KMCT Medical College, Mukkom, Kozhikode | Muslim | Village Officer |
| 6 | SUC | SUT Academy of Medical Sciences, Vattappara, Thiruvananthapuram | Hindu | Village Officer |
| 7 | AZC | Azeezia Institute of Medical Sciences & Research, Meeyyannoor P O, Kollam | Muslim | Village Officer |
| 8 | TRM | Travancore Medical College, Mylapore, Umayanalloor P O, Kollam | Muslim | Village Officer |
| 9 | SIM | Sree Narayana Institute of Medical Sciences, Chalakka, North Kuthiyathode P O, Ernakulam | Ezhava | Village Officer |
| 10 | GMC | Sree Gokulam Medical College & Research Foundation, Venjaramoodu, Thiruvananthapuram | Ezhava | Village Officer |
| 11 | MMH | Malabar Medical College Hospital & Research Centre, Modakkallur P O, Atholi Via, Kozhikode | Ezhava | Village Officer |
| 12 | PMC | Pushpagiri Institute of Medical Science & Research Centre, Thiruvalla | Syro Malankara Catholic | Vicar of the Parish countersigned by Bishop |

| | | | | |
|---|---|---|---|---|
| 13 | AMC | Amala Institute of Medical Sciences, Amala Nagar, Thrissur | Syro Malabar | Vicar of the Parish |
| 14 | MMC | Malankara Orthodox Syrian Church Medical College, Kolenchery, Ernakulam | Malankara Orthodox Syrian | Vicar of the Parish countersigned by Bishop |
| 15 | JMC | Jubilee Mission Medical Colleg & Research Institute, Bisho Alappat Road, P.B. No.737, Jubilee Mission P.O. Thrissur – 5 | Syro Malabar Catholic Archdiocese, Thrissur excluding Irinjalakkuda, Palakkad and Ramanadapuram | Vicar of the Parish countersigned by Archdiocese Office |

ഈ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ താഴെപറയുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്.

(1) **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമ (**Proforma for Submission of Candidate Details**) പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയത്.

(2) **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രൊഫോർമയിൽ കമ്മ്യൂണിറ്റി/ജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയത്.

(3) തിരുവനന്തപുരം, കാരക്കോണം, ഡോ. സോമർവെൽ മെമ്മോറിയൽ സിഎസ്ഐ മെഡിക്കൽ കോളേജിലേക്ക് (**SMC**) അപേക്ഷിക്കുന്നവർ മേൽപറഞ്ഞവയ്ക്കു പുറമേ ബിഷപ്പ്, സൗത്ത് കേരള ഡയോസിസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്.

(4) 2012 ലെ കേരള എംബിബിഎസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈഴവ (**EZ**)/പിന്നോക്ക ഹിന്ദു (**BH**)/കുഡുംബി (**KU**)/പട്ടിക ജാതി (**SC**)/ഹിന്ദു പട്ടികവർഗ്ഗ (**ST**) വിദ്യാർത്ഥികൾ, തിരുവനന്തപുരം, വട്ടപ്പാറ, എസ്.യു.റ്റി. അക്കാഡമി ഓഫ് മെഡിക്കൽ സയൻസസിലേക്ക് (**SUC**) അപേക്ഷിച്ചാൽ 'ഹിന്ദു' ക്വാട്ടയിൽ പരിഗണിക്കുന്നതാണ്. എന്നാൽ എംബിബിഎസ് സമുദായ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത ഹിന്ദു സമുദായത്തിൽപെട്ട വിദ്യാർത്ഥികൾ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതി ലേക്കായി മേൽപറഞ്ഞ (1 & 2) സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

(5) 2012 ലെ കേരള എംബിബിഎസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈഴവ/മുസ്ലീം വിദ്യാർത്ഥികൾ, ജാതി/സമുദായ സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല.

മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **25/06/2012(തിങ്കളാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ എല്ലാ കോളേജുകളിലേക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

**25/06/2012** നു വൈകുന്നേരം 5 മണിക്കുശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.06.2012